


# ഹജ്ജിന്റെയും ഉംറയുടെയും

## പ്രതിഫലം ലഭിക്കുന്ന കർമ്മങ്ങൾ.

അബൂ അബ്ദില്ല ഹാഷിം

وَفَّقَهُ الله

പരിശുദ്ധ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അഞ്ചാമത്തെ സ്തംഭമാണ് ഹജ്ജ്. കഴിവുള്ള മുസ്ലിം ഒരു തവണ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. സാധിക്കുന്നവർ ഒരു തവണ ഉംറ ചെയ്യലും നിർബന്ധമാണ് എന്നാണ് പ്രബല വീക്ഷണം.

**قال الشيخ ابن باز : الصواب أن العمرة واجبة مرة في العمر كالحج.**

**(مجموع فتاوى ابن باز - 16/355)**

**ഇബ്നു ബാസ് ﷺ പറഞ്ഞു: ജീവിതത്തിൽ ഒരു തവണ ഹജ്ജ് ചെയ്യൽ നിർബന്ധമായത് പോലെ ഉംറ ചെയ്യലും നിർബന്ധമാണ് എന്നാണ് ശരിയായ വീക്ഷണം.**

കഴിവുണ്ടായിട്ടും ഹജ്ജ് നീട്ടി വെക്കുന്നത് ഗുരുതരമായ തെറ്റാണ്. ഹജ്ജ് ചെയ്യാൻ ധൃതി കാണിക്കണമെന്നത് നബി ﷺ യുടെ കൽപനയാണ്.

**قال صلى الله عليه وسلم (مَنْ أَرَادَ الْحَجَّ فَلْيَتَعَجَّلْ) حسنه الألباني في صحيح أبي داود (1524) .**

**നബി ﷺ പറഞ്ഞു: 'ആരെങ്കിലും ഹജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ ധൃതി കാണിക്കട്ടേ.' (സ്വഹീഹു അബീദാവൂദ് – 1524 )**

മറ്റൊരു ഹദീസിൽ നബി ﷺ ഇപ്രകാരം പറഞ്ഞു.

**تَعَجَّلُوا إِلَى الْحَجِّ - يَعْنِي الْفَرِيضَةَ - فَإِنَّ أَحَدَكُمْ لَا يَدْرِي مَا يَعْرِضُ لَهُ**

**رواه أحمد (2721) وصححه الألباني في الإرواء (990) .**

**'നിങ്ങൾ ഫർളായ ഹജ്ജ് ചെയ്യാൻ ധൃതി കാണിക്കുക, കാരണം നിങ്ങളിൽ ഒരുത്തന് എന്തല്ലാം തടസ്സങ്ങളാണ് ഉണ്ടാവുക എന്നത് അറിയില്ല.!' (മുസ്നദ അഹ്മദ് – 2721 ശൈഖ് അൽബാനി സ്വഹീഹാണന്ന് വിധിച്ചു.)**

ഹജ്ജിന്റേയും ഉംറയുടേയും നിർബന്ധ ബാധ്യത തീരുകയില്ലെങ്കിലും അതിന്റെ പ്രതിഫലം ലഭിക്കുന്ന ചില കർമ്മങ്ങൾ നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പത്ത് കർമ്മങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. إن شاء الله

ഇവിടെ ഈ കർമ്മങ്ങളെ മൂന്നായി തിരിക്കാം

**(1) ഹജ്ജിന്റേയും ഉംറയുടേയും പൂർണ പ്രതിഫലം ലഭിക്കുന്ന കർമ്മങ്ങൾ.**

**(2) ഹജ്ജിന്റെ മാത്രം പ്രതിഫലം ലഭിക്കുന്ന കർമ്മങ്ങൾ.**

**(3) ഉംറയുടെ മാത്രം പ്രതിഫലം ലഭിക്കുന്ന കർമ്മങ്ങൾ.**

## ഹജ്ജിന്റേയും ഉംറയുടേയും പ്രതിഫലം ലഭിക്കുന്ന അഞ്ച് കർമ്മങ്ങൾ

**(1) അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും നിർവ്വഹിക്കാൻ ആത്മാർത്ഥവും സത്യസന്ധവുമായ നിയ്യത്ത് ഉണ്ടാവൽ.**

ഒരു മുസ്‌ലിം ആത്മാർത്ഥമായി ഹജ്ജും ഉംറയും ചെയ്യാൻ ഉദ്ദേശിക്കുകയും ന്യായമായ കാരണങ്ങളാൽ പോകാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ അല്ലാഹു അവന് ഒരു സമ്പൂർണ ഹജ്ജിന്റേയും ഉംറയുടേയും പ്രതിഫലം രേഖപ്പെടുത്തും. ഏതൊരു നൻമയും അങ്ങനെ തന്നെ. ഒരു നൻമ ചെയ്യാൻ ഉറച്ച് തിരുമാനിക്കുകയും അതിന് വേണ്ട കാരണങ്ങൾ ചെയ്യുകയും പിന്നീട് ന്യായമായ കാരണങ്ങൾ കൊണ്ട് അതിന് സാധിക്കാതെ വരികയും ചെയ്താൽ അവന് ആ നൻമ ചെയ്ത പ്രതിഫലം ഉണ്ടാകും എന്ന് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഉലമാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു:

﴿وَمَن يُهَاجِرْ فِي سَبِيلِ ٱللَّهِ يَجِدْ فِي ٱلْأَرْضِ مُرَٰغَمًا كَثِيرًا وَسَعَةً ۚ وَمَن يَخْرُجْ مِنۢ بَيْتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدْرِكْهُ ٱلْمَوْتُ فَقَدْ وَقَعَ أَجْرُهُۥ عَلَى ٱللَّهِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٠٠﴾ [النساء: 100]

**ആരെങ്കിലും തൻറെ വീട്ടിൽ നിന്ന് അല്ലാഹുവിങ്കലേക്കും അവൻറെ റസൂലിലേക്കും 'ഹിജ്റഃ' പോകുന്നവനായി പുറപ്പെടുകയും, പിന്നീടവനെ മരണം പിടികൂടുകയും ചെയ്താൽ, തീർച്ചയായും, അല്ലാഹുവിൽ നിന്നുള്ള അവൻറെ പ്രതിഫലം അവന് ലഭിക്കുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും, ധാരാളമായി കാരുണ്യം ചെയ്യുന്നവനുമാകുന്നു.**

ഈ ആശയം പഠിപ്പിക്കുന്ന ഒരു നബി വചനം ഇവിടെ കൊടുക്കാം.

**عَنْ أَبُو كَبْشَةَ الأَنْمَارِيُّ، أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : إِنَّمَا الدُّنْيَا لأَرْبَعَةِ نَفَرٍ عَبْدٍ رَزَقَهُ اللَّهُ مَالاً وَعِلْمًا فَهُوَ يَتَّقِي فِيهِ رَبَّهُ وَيَصِلُ فِيهِ رَحِمَهُ وَيَعْلَمُ لِلَّهِ فِيهِ حَقًّا فَهَذَا بِأَفْضَلِ الْمَنَازِلِ وَعَبْدٍ رَزَقَهُ اللَّهُ عِلْمًا وَلَمْ يَرْزُقْهُ مَالاً فَهُوَ صَادِقُ النِّيَّةِ يَقُولُ لَوْ أَنَّ لِي مَالاً لَعَمِلْتُ بِعَمَلِ فُلاَنٍ فَهُوَ بِنِيَّتِهِ فَأَجْرُهُمَا سَوَاءٌ.. رواه الترمذي (2325) وأحمد (18031)**

**അബൂ കബ്ഷ അൽ അൻമാരിയ്യ് ﷺ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: 'ദുൻയാവിൽ നാല് തരം ആളുകൾ ഉണ്ട്. (ഒന്ന്) ഒരു അടിമ, അയാൾക്ക് അല്ലാഹു സമ്പത്തും വിജ്ഞാനവും നൽകി. അയാൾ തന്റെ റബ്ബിനെ സൂക്ഷിച്ച്, കുടുംബബന്ധം ചേർത്ത്, അല്ലാഹുവിനോടുള്ള ബാധ്യതകൾ മനസ്സിലാക്കി ജീവിക്കുന്നു. അയാൾ ഏറ്റവും ശ്രേഷ്ഠമായ പദവിയിലാണ്. മറ്റൊരു അടിമ, അയാൾക്ക് അല്ലാഹു വിജ്ഞാനം നൽകി, സമ്പത്ത് നൽകിയില്ല. എന്നാൽ അയാൾ സത്യസന്ധമായ നിയ്യത്തുള്ളവനാണ്. അയാൾ പറയുന്നു: എനിക്ക് സമ്പത്ത് ഉണ്ടായിരുന്നുവെങ്കിൽ മറ്റേയാൾ ചെലവഴിക്കുന്നതു പോലെ ഞാനും ചെയ്യുമായിരുന്നു. അവൻ അവന്റെ ആ നിയ്യത്തിലാണുള്ളത്, ആയതിനാൽ അവരുടെ രണ്ട്**

പേരുടേയും പ്രതിഫലം തുല്യമാണ്. (ജാമിഹു തിർമിദി:2325 – മുസ്നദ് അഹ്മദ് – 18031 അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്.)

മേൽ പറഞ്ഞ ആയത്തും ഹദീസും അത് പോലെയുള്ളവയും അറിയിക്കുന്ന കാര്യമാണ് സത്യസന്ധമായ നിയ്യത്ത് കർമ്മം ചെയ്തതിന്റെ പ്രതിഫലം നേടിത്തരും എന്നത്.

قال شيخ الإسلام ابن تيمية رحمه الله : " من نوى الخير وعمل منه مقدوره ، وعجز عن إكماله : كان له أجر عامل " انتهى من " مجموع الفتاوى "(22/243)

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ ﷺ പറഞ്ഞു: 'ഒരാൾ ഒരു നൻമ ചെയ്യാൻ ഉദ്ദേശിക്കുകയും അതിൽ അവന് സാധിക്കുന്നത് ചെയ്യുകയും എന്നാൽ അത് പൂർത്തീകരിക്കാൻ അവന് പറ്റാതെ വരികയും ചെയ്താൽ അവന് അത് പ്രവർത്തിച്ചവന്റെ പ്രതിഫലമുണ്ടാകും.' (മജ്മൂഹുൽ ഫതാവ – 22/243)

ആയതിനാൽ സൗകര്യപ്പെടുന്ന പക്ഷം ഹജ്ജും ഉംറയും ചെയ്യുമെന്ന് സത്യസന്ധമായി മനസ്സിൽ തിരുമാനമെടുക്കുന്നവർക്ക് അതിന്റെ പ്രതിഫലം പ്രതീക്ഷിക്കാം.

**(2) സാമ്പത്തിക സഹായവും മറ്റും ചെയ്ത് ഹജജ് ചെയ്യാൻ ഒരാളെ സജ്ജമാക്കൽ.**

**(3) ഹജജ് ചെയ്യാൻ പോകുന്ന ഒരാളുടെ കുടുംബത്തിനെ സഹായിച്ച് കൊണ്ട് അവന്റെ പ്രതിനിധിയായി നിലകൊള്ളുക.**

عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ «مَنْ جَهَّزَ غَازِيًا أَوْ جَهَّزَ حَاجًّا، أَوْ خَلَفَهُ فِي أَهْلِهِ، أَوْ فَطَّرَ صَائِمًا، فَلَهُ مِثْلُ أَجْرِهِ مِنْ غَيْرِ أَنْ يَنْقُصَ مِنْ أَجْرِهِ شَيْءٌ» (صحيح الترغيب - ١٠٧٨)

സൈദു ബ്നു ഖാലിദ് അൽജുഹനിയ്യ് ﵁ നിന്ന് : നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു യോദ്ധാവിനെ സജ്ജമാക്കി, അല്ലെങ്കിൽ ഒരു ഹാജിയെ സജ്ജമാക്കി, അല്ലെങ്കിൽ അവന്റെ കുടുംബത്തിൽ പിൻഗാമിയായി, (അവന്റെ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുത്തു) അല്ലെങ്കിൽ ഒരു നോമ്പുകാരനെ നോമ്പ് തുറപ്പിച്ചു. എങ്കിൽ അവന് അവരുടെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയാതെ അതെ പ്രതിഫലം ഉണ്ട്. (സ്വഹീഹുത്തർ ഹീബ്- 1078)

ഒരു നൻമ ചെയ്യാൻ ഒരാളെ സഹായിച്ചാൽ ആ സഹായിച്ച വ്യക്തിക്ക് നൻമ ചെയ്തവന്റെ അതേ പ്രതിഫലമുണ്ട് എന്നത് ഇസ്ലാമിൽ അംഗീകരിക്കപ്പെട്ട ഒരു തത്വമാണ്. മുകളിൽ ഉദ്ധരിച്ചത് പോലെയുള ഹദീസുകൾ തെളിവ് പിടിച്ച് കൊണ്ടാണ് പണ്ഡിതൻമാർ ഈ ഖാഇദ പറഞ്ഞിട്ടുള്ളത്.

قال الطبري رحمه الله :كل من أعان مؤمنا على عمل بر فللمعين عليه أجر مثل العامل.. (شرح صحيح البخاري لابن بطال ٥١/٥)

ഇമാം ത്വബരി ﵀ പറഞ്ഞു: ഒരു പുണ്യ പ്രവർത്തനത്തിന് വിശ്വാസിയെ സഹായിക്കുന്ന ഏതൊരാൾക്കും പുണ്യകർമം ചെയ്യുന്നവന്റെ അതേ പ്രതിഫലം ഉണ്ടായിരിക്കും. (ഇബ്നു ബത്താലിന്റെ ശർഹു സ്വഹീഹിൽ ബുഖാരി- 5/51)

قال العلامة ابن عثيمين رحمه الله: ويؤخذ من مثال الغازي أن كل من أعان شخصاً في طاعة الله فله مثل أجره ، فإذا أعنت طالب علم في شراء الكتب له، أو تأمين السكن، أو النفقة، أو ما أشبه ذلك، فإن لكل أجراً مثل أجره، من غير أن ينقص من أجره شيئاً ، وهكذا - أيضاً لو أعنت مصلياً على تسهيل مهمته في صلاته في مكانه وثيابه ، أو في وضوئه، أو في أي شيء فإنه يكتب لك في ذلك أجر. فالقاعدة العامة: أن من أعان شخصاً في طاعة من طاعة الله كان له مثل أجره ، من غير أن ينقص من أجره شيئاً، والله الموفق. (شرح رياض الصالحين باب التعاون على البر والتقوى, الحديث رقم 177 ص375)

ഇബ്നു ഉസൈമീൻ ﵀ പറഞ്ഞു : യോദ്ധാവിന്റെ ഉപമ പറഞ്ഞ ഹദീസിൽ

നിന്ന് നമുക്ക് മനസ്സിലാക്കാം : ഏതൊരു പുണ്യകർമ്മം ചെയ്യാനും ഒരാളെ സഹായിച്ചാൽ അയാൾക്കുള്ളതുപോലെയുള്ള പ്രതിഫലം സഹായിച്ച ആൾക്കും ഉണ്ടാകും.

ഒരു മതവിദ്യാർഥിയെ പുസ്തകങ്ങൾ വാങ്ങാനോ വീടുവെക്കാനോ അവന്റെ ചെലവുകൾ നടത്താനോ നീ സഹായിച്ചാൽ അവന്റെ അമലുകളുടെ പ്രതിഫലം നിനക്കും ലഭിക്കും ; അവന്റേതിൽ ഒരു കുറവും വരികയുമില്ല.

അതുപോലെ, നമസ്കരിക്കാൻ സ്ഥലം കൊടുത്തു കൊണ്ടോ വസ്ത്രം കൊടുത്തുകൊണ്ടോ വുദു ചെയ്യാൻ വെള്ളം കൊടുത്തുകൊണ്ടോ മറ്റോ ഒരാളെ നമസ്കാരത്തിന്റെ കാര്യത്തിൽ നീ സഹായിച്ചാൽ അയാളുടെ നമസ്കാരത്തിന്റെ പ്രതിഫലം നിനക്കുമുണ്ടാകും.

പൊതുവായ ഒരു അടിസ്ഥാന തത്വമാണ്: അല്ലാഹുവിനു തൃപ്തിയുള്ള ഏതൊരു പുണ്യകർമത്തിലും ഒരാൾ മറ്റൊരാളെ സഹായിച്ചാൽ സഹായിച്ചവനും പ്രവർത്തിച്ചവന്റേതിനു തുല്യമായ പ്രതിഫലമുണ്ടാകും, പ്രവർത്തിച്ചവന് അതുകൊണ്ട് യാതൊരു കുറവും സംഭവിക്കുകയുമില്ല. അല്ലാഹുവാണ് തൗഫീഖ് നൽകുന്നവൻ.

( ശർഹു റിയാദിസ്സാലിഹീൻ ഹദീസ് നമ്പർ : 177 )

**(4) ജമാഅത്തായി സുബ്ഹി നിസ്കരിച്ച ശേഷം സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിച്ച് കൊണ്ട് പള്ളിയിൽ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നിസ്കരിക്കുകയും ചെയ്യുക.**

عَنْ أَنَسِ بْنِ مَالِكٍ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم " (مَنْ صَلَّى الْغَدَاةَ فِي جَمَاعَةٍ ثُمَّ قَعَدَ يَذْكُرُ اللَّهَ حَتَّى تَطْلُعَ الشَّمْسُ ، ثُمَّ صَلَّى رَكْعَتَيْنِ ، كَانَتْ لَهُ كَأَجْرِ حَجَّةٍ ، وَعُمْرَةٍ ، تَامَّةٍ ، تَامَّةٍ ، تَامَّةٍ) رواه الترمذي (586)

അനസ് ഇബ്നു മാലിക് ﵁ റിപ്പോർട്ട് ചെയ്യുന്ന ഹദീസ് നബി ﷺ പറഞ്ഞു: ഒരാൾ ജമാഅത്തായി സുബ്ഹി നിസ്കരിക്കുകയും ശേഷം സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിച്ചു കൊണ്ടു പള്ളിയിൽ ഇരിക്കുകയും പിന്നീട് രണ്ടു

**റക്അത്ത് നിസ്കരിക്കുകയും ചെയ്താൽ പരിപൂർണ്ണമായ, പരിപൂർണ്ണമായ, പരിപൂർണ്ണമായ ഉംറയുടെയും ഹജ്ജിന്റെയും പ്രതിഫലം അവനുണ്ടാവുന്നതാണ്.** (ജാമിഹു തുർമുദി :586)

ഈ നിസ്കാരം ഇഷ്റാഖ് നിസ്കാരം എന്ന് വിളിക്കപ്പെടുന്നു. അത് ളുഹാ നിസ്കാരത്തിൽപ്പെട്ടാതാണന്ന് ഇബ്നു ഉസൈമീൻ ﷺ യെ പോലെയുള്ള പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുണ്ട്. സൂര്യൻ ഉദിച്ചതിന് ശേഷം ഏകദേശം പതിനഞ്ചോ ഇരുപതോ മിനുട്ട് കഴിഞ്ഞാണ് ഇത് നിർവഹിക്കേണ്ടത്.

**(5) നിർബന്ധ നിസ്കാര ശേഷം തസ്ബീഹും തഹ്മീദും തക്ബീറും 33 തവണ ചൊല്ലുക.**

**عن أبي هريرة رضي الله عنه قال: جَاءَ الفُقَرَاءُ إِلَى النَّبِيِّ صلى الله عليه وسلم، فَقَالُوا: ذَهَبَ أَهْلُ الدُّثُورِ مِنَ الأَمْوَالِ بِالدَّرَجَاتِ العُلاَ، وَالنَّعِيمِ المُقِيمِ يُصَلُّونَ كَمَا نُصَلِّي، وَيَصُومُونَ كَمَا نَصُومُ، وَلَهُمْ فَضْلٌ مِنْ أَمْوَالٍ يَحُجُّونَ بِهَا، وَيَعْتَمِرُونَ، وَيُجَاهِدُونَ، وَيَتَصَدَّقُونَ، قَالَ: "أَلاَ أُحَدِّثُكُمْ بأمر إِنْ أَخَذْتُمْ به أَدْرَكْتُمْ مَنْ سَبَقَكُمْ وَلَمْ يُدْرِكْكُمْ أَحَدٌ بَعْدَكُمْ، وَكُنْتُمْ خَيْرَ مَنْ أَنْتُمْ بَيْنَ ظَهْرَانَيْهِ إِلَّا مَنْ عَمِلَ مِثْلَهُ تُسَبِّحُونَ وَتَحْمَدُونَ وَتُكَبِّرُونَ خَلْفَ كُلِّ صَلاَةٍ ثَلاَثًا وَثَلاَثِينَ."(صحيح البخاري -٨٤٣ )(صحيح مسلم - ٥٩٥)**

**അബൂഹുറൈറ ﵁ ഉദ്ധരിക്കുന്ന ഹദീസ്, നബി ﷺ യുടെ അടുക്കൽ ദരിദ്രരായ ചില സ്വഹാബികൾ വന്ന് പറഞ്ഞു : സമ്പന്നരായ ആളുകൾ (സ്വർഗ്ഗത്തിലെ) ഉന്നത പദവികളും സ്ഥിരമായ സുഖാനുഗ്രഹങ്ങളും കൊണ്ടുപോയി. അവർ ഞങ്ങളെപ്പോലെ നിസ്കരിക്കുന്നു, അവർ ഞങ്ങളെപ്പോലെ നോമ്പ് നോൽക്കുന്നു. എന്നാൽ അവർക്ക് സമ്പത്തിൽ ഞങ്ങളെക്കാൾ ശ്രേഷ്ഠത ലഭിച്ചതു കൊണ്ട് അവർ ഹജ്ജും ഉംറയും ചെയ്യുന്നു, ജിഹാദും ദാന ധർമ്മങ്ങളും ചെയ്ത് (പ്രതിഫലം നേടുകയാണ്.) അവരോട് നബി ﷺ പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരു കാര്യത്തെ**

കുറിച്ച് അറിയിച്ച് തരട്ടേ.? അത് നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നിങ്ങളേക്കാൾ പ്രതിഫലത്തിൽ മുൻകടന്നവരോടൊപ്പം നിങ്ങളും എത്തിച്ചേരുന്നതാണ്. നിങ്ങൾക്ക് ശേഷമുള്ള ഒരാളും നിങ്ങളെ മുൻകടക്കുകയുമില്ല, നിങ്ങളോടൊപ്പം എത്തിച്ചേരുകയുമില്ല. നിങ്ങൾക്കിടയിലുള്ള വരിൽ നിങ്ങൾ ഏറ്റവും ഉത്തമരായി തീരുകയും ചെയ്യും. ആ കാര്യം അത് പോലെ പ്രവർത്തിക്കുന്നവരൊഴികെ. എന്തെന്നാൽ 'എല്ലാ നിർബന്ധ നിസ്കാരങ്ങളുടെയും ശേഷം തസ്ബീഹും (سبحان الله), തഹ്മീദും (الحمد لله) , തക്ബീറും (الله أكبر) മുപ്പത്തിമൂന്ന് തവണ വീതം നിങ്ങൾ ചൊല്ലുക. ' (ബുഖാരി : 843 മുസ്ലിം – 595)

## ഹജ്ജിന്റെ പ്രതിഫലം ലഭിക്കുന്ന മൂന്ന് കർമ്മങ്ങൾ.

### (1) റമളാനിലെ ഉംറ.

**عنِ ابنِ عباسٍ، رضي الله عنهما، أنَّ النَّبيَّ ﷺ قَالَ: عُمرَةٌ في رمَضَانَ تَعدِلُ حَجَّةً أَوْ حَجَّةً مَعِي (متفقٌ عليهِ)**

ഇബ്നുഅബ്ബാസ് ؓ ഉദ്ധരിക്കുന്ന ഹദീസിൽ നബി ﷺ പറഞ്ഞു: റമദാനിലെ ഒരു ഉംറ ഒരു ഹജ്ജിന് അല്ലെങ്കിൽ എന്റെ കൂടെ ഹജ്ജ് ചെയ്യുന്നതിന് തുല്യമാണ്. (ബുഖാരി –1863 മുസ്ലിം –1256 )

### (2) നിർബന്ധ നിസ്കാരം നിർവ്വഹിക്കാൻ പള്ളിയിലേക്ക് പുറപ്പെടൽ.

**عَنْ أَبِي أُمَامَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَنْ خَرَجَ مِنْ بَيْتِهِ مُتَطَهِّرًا إِلَى صَلاَةٍ مَكْتُوبَةٍ فَأَجْرُهُ كَأَجْرِ الْحَاجِّ الْمُحْرِمِ..(سنن أبي داود -٥٥٨) (صحيح الجامع -٦٢٢٨)**

**അബൂഉമാമയിൽ ﷺ ഉദ്ധരിക്കുന്ന ഹദീസിൽ നബി ﷺ പറഞ്ഞു: ഫർള് നിസ്കാരത്തിന് വേണ്ടി ആരെങ്കിലും വീട്ടിൽ നിന്നും (വുളൂഅ് നിർവ്വഹിച്ച്) ശുദ്ധിയോടെ പുറപ്പെടുന്നുവെങ്കിൽ അവന് ഇഹ്റാമിൽ പ്രവേശിച്ച, ഹജ്ജ് ചെയ്യുന്നവന്റെ പ്രതിഫലമുണ്ട്. (സുനനു അബീ ദാവൂദ്:558,സ്വഹീഹുൽ ജാമിഅ് –6228 )**

മറ്റൊരു രിവായത്തിൽ ഇപ്രകാരമാണ് വന്നിട്ടുള്ളത്.

**مَنْ مَشَى إلى صَلاةٍ مَكتُوبَةٍ فِي الجَمَاعَةِ فَهِيَ كَحَجَّةٍ.. (صحيح الجامع - ٦٥٥٦)**

**'ആരെങ്കിലും നിർബന്ധ നമസ്കാരം ജമാഅത്തായി നിർവഹിക്കാൻ വേണ്ടി നടന്നു പോയാൽ അത് പ്രതിഫലത്തിൽ ഹജ്ജിന് തുല്യമാണ്. (സ്വഹീഹുൽ ജാമിഅ് – 6556)**

**(3) ദീൻ പഠിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ വേണ്ടി പള്ളിയിലേക്ക് പോകൽ**

**عَنْ أَبِي أُمَامَةَ – رضي الله عنه – أن النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمْ قَالَ: مَنْ غَدَا إِلَى الْمَسْجِدِ لا يُرِيدُ إلا أَنْ يَتَعَلَّمَ خَيْرًا أَوْ يُعَلِّمَهُ؛ كَانَ لَهُ كَأَجْرِ حَاجٍّ تَامًّا حِجَّتُهُ. (رواه الطبراني برقم: ٧٣٤٦، وصححه الألباني في صحيح الترغيب والترهيب -٨٦)**

**അബൂഉമാമയിൽ ﷺ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു: ഒരാൾ പള്ളിയിലേക്ക് പുറപ്പെടുന്നു,നന്മ പഠിക്കുകയോ പഠിപ്പിക്കുകയോ അല്ലാതെ മറ്റൊരു ഉദ്ദേശ്യവും അയാൾക്കില്ല. എങ്കിൽ അവന് പരിപൂർണമായ ഒരു ഹജ്ജിന്റെ പ്രതിഫലം ഉണ്ട്. (ത്വബറാനി– 7346, സ്വഹീഹുത്തർഹീബ്– 86)**

<u>**ഉംറയുടെ പ്രതിഫലം ലഭിക്കുന്ന രണ്ട് കർമ്മങ്ങൾ**</u>

**(1) ളുഹാ നിസ്കരിക്കാൻ പള്ളിയിലേക്ക് പുറപ്പെടൽ**

നബി ﷺ പറഞ്ഞതായി സ്വഹീഹായ ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്.

**وَمَنْ مَشَى إِلَى سُبْحَةِ الضُّحَى كَانَ لَهُ كَأَجْرِ الْمُعْتَمِرِ.(مسند أحمد - 22304 )**

**'ആരെങ്കിലും ളുഹാ നിസ്കരിക്കാൻ (പള്ളിയിലേക്ക്) നടന്ന് പോയാൽ അവന് ഉംറ ചെയ്തവന്റെ പ്രതിഫലമുണ്ട്.'(മുസ്നദ് അഹ് മദ് – 22304)**

(സുന്നത്ത് നിസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവ്വഹിക്കലാണ് ഉത്തമം എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി ളുഹാ പള്ളിയിൽ വെച്ച് നിർവ്വഹിക്കലാണ് ഉത്തമം എന്ന് ഇത്തരം ഹദീസുകൾ അടിസ്ഥാനമാക്കി ചില പണ്ഡിതന്മാർ അഭിപ്രായ പ്പെട്ടിട്ടുണ്ട്.)

**(2) മദീനയിലെ മസ്ജിദുൽ ഖുബായിൽ നിസ്കരിക്കൽ.**

നബി ﷺ പറഞ്ഞു:

**"صلاةٌ في مسجد قُبَاءٍ كعمرة" (صحيح الجامع: 3872)**

**മസ്ജിദു ഖുബായിലെ നിസ്കാരം ഉംറ നിർവഹിച്ചതിന്റെ പ്രതിഫലത്തിന് തുല്യമാണ്. (സ്വഹീഹുൽ ജാമിഅ് –3872)**

മറ്റൊരു ഹദീസിൽ ഇപ്രകാരമാണ് നബി ﷺ പറഞ്ഞത് :

**من تطَهَّرَ في بيتِهِ , ثمَّ أتى مسجدَ قُبَاءٍ ، فصلَّى فيهِ صلاةً ، كانَ لَهُ كأجرِ عمرةٍ (صحيح ابن ماجه - ١١٦٨)**

**“ആരെങ്കിലും തന്റെ വീട്ടിൽ വെച്ച് അംഗശുദ്ധി(വുളൂഅ്) ചെയ്ത് ഖുബാ മസ്ജിദിൽ വന്ന് നിസ്കരിച്ചാൽ, ഉംറയ്ക്ക് സമാനമായ പ്രതിഫലം അവനുണ്ടാകും.” (സ്വഹീഹു ഇബ്നിമാജ – 1168)**

സഹോദരാ.. ഇവിടെ പറയപ്പെട്ട പത്ത് കർമ്മങ്ങൾ പലതും കുറഞ്ഞ സമയം മാത്രം ആവശ്യമുള്ള കർമ്മങ്ങളാണ്. പലതും ദിവസേന നിർവ്വഹിക്കാൻ സാധിക്കുന്നതാണ്. പ്രാവർത്തികമാക്കാൻ പരമാവധി പരിശ്രമിക്കുക.

ജീവിതത്തിലെ ബാക്കിയുള്ള വിലപ്പെട്ട സമയം സൽകർമ്മങ്ങൾ കൊണ്ട് സമ്പന്നമാക്കാൻ അല്ലാഹു ഏവർക്കും തൗഫീഖ് നൽകി അനുഗ്രഹിക്കട്ടേ..

آمين

وصلى الله على نبينا محمد وآله وصحبه وسلم